"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- നെല്ല് സംഭരണം - ഔട്ട് ടേൺ റേഷ്യോ (OTR) അനുപാത വ്യതിയാനം - 2022-23 സംഭരണ വർഷത്തിലെ തുക സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യപൊതുവിതരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം.37/2026/F&CS തീയതി,തിരുവനന്തപുരം, 06-02-2026

പരാമർശം:-

1. സ.ഉ. (കൈ) 34/2018/F&CSD തീയതി 18/08/2018
2. W.P.(C)No.26941/2021 കേസിലെ 08/06/2022 തീയതിയിലെ വിധിന്യായം,
3. R.P. 884 &988/2022 എന്നീ കേസുകളിലെ 01/12/22 തീയതിയിലെ വിധിന്യായം.
4. സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ 01/12/2025 തീയതിയിലെ KSCSC/2802/2023/Paddy 7 നമ്പർ കത്ത്.

ഉത്തരവ്

വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ മുഖേന സംസ്ഥാനത്തിൽ സംഭരിക്കുന്ന നെല്ലിൽ നിന്നും കേന്ദ്ര സർക്കാർ മാനദണ്ഡനുസരിച്ച് തിരികെ ലഭ്യമാക്കേണ്ട അരിയുടെ ഔട്ട് ടേൺ റേഷ്യോ ഒരു ക്വിന്റൽ നെല്ലിന് 68 % എന്ന അനുപാതം സംസ്ഥാനത്തെ പ്രത്യേക ഭൂപ്രകൃതി, കാലാവസ്ഥ വ്യതിയാനം എന്നിവ കൊണ്ട് ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സംഭരിക്കുന്ന ഒരു ക്വിന്റൽ നെല്ലിന് 68 % ൽ നിന്നും 64.5% ആയി ഔട്ട് ടേൺ റേഷ്യോ കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നതുവരെയുള്ള സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് ഉത്തരവായിരുന്നു.

2) പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ നെല്ല് സംഭരിച്ച് മില്ലിംഗ് പൂർത്തിയാക്കി 64.5 ശതമാനം അരി തിരികെ കൈപ്പറ്റി അതത് വർഷങ്ങളിൽ മില്ലേഴ്സുമായി ഏർപ്പെട്ട കരാർ പൂർത്തീകരിച്ചിട്ടുള്ളതും, ഇതേ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 2022-23 വർഷത്തിൽ സംഭരണം ആരംഭിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച ആദ്യത്തെ 3 സംഭരണ വർഷങ്ങളിലും ഇപ്രകാരമുണ്ടായ ഒ.ടി.ആർ. അനുപാത വ്യത്യാസത്തിന്റെ ബാധ്യതയായ 253.06 കോടി രൂപ സപ്ലൈകോ വഹിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 വർഷത്തെ കണക്കുകൾ, അനുപാത വ്യത്യാസം സംബന്ധിച്ച അനിശ്ചിതത്വം മൂലം, സപ്ലൈകോയും മില്ലേഴ്സും തമ്മിലുള്ള കരാർ അന്തിമമായി നാളിതുവരെ സെറ്റിൽ ചെയ്തിട്ടില്ല.

ഇതിന്റെ ബാധ്യത 63.37 കോടി രൂപയാണ്. പരാമർശം (2) ലെ കോടതി വിധിയിന്മേൽ പരാമർശം (3) പ്രകാരം സർക്കാർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ തീർപ്പാക്കിയപ്പോൾ നെല്ല് സംഭരണത്തിലെ അനുപാതവ്യത്യാസം സംബന്ധിച്ച് സാമ്പത്തിക ബാധ്യത സർക്കാർ വഹിക്കുന്നതിന് തടസ്സമില്ലായെന്ന് വ്യക്തമാക്കിയിരുന്നു.

3) സപ്ലൈകോയ്ക്ക് 2022-23 സംഭരണ വർഷത്തിൽ ഒ.ടി.ആർ ഇനത്തിലുണ്ടായ സാമ്പത്തിക ബാധ്യതയായ 63.37 കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെല്ല് സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ (OTR) 68% നിന്നും 64.5% ആക്കി കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറാകാത്തത് മൂലം സപ്ലൈകോയ്ക്ക് 2022-23 സംഭരണ വർഷത്തിൽ ഉണ്ടായ സാമ്പത്തിക ബാധ്യതയായ 63.37 കോടി രൂപ "2408-01-101-96-33-Subsidies"(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചും, ടി തുക സപ്ലൈകോയ്ക്ക് റിലീസ് ചെയ്ത് നല്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ , കൊച്ചി
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (793352/Agri-C1/75/2018-Fin)
പൊതുഭരണ (എസ്.സി) വകുപ്പ് (28/01/2026 തീയതിയിലെ ഇനം.നം. ...... പ്രകാരം)
ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം. തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി ( FCSD-C1/34/2018-FCSD-Part(7) )

ഉത്തരവിൻ പ്രകാരം

**Signed by Veena V**
**Date: 06-02-2026 17:00:57**

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്